**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പുനത്തിൽ കുഞ്ഞബ്ദുള്ള സ്മാരകട്രസ്റ്റിന് സ്ഥലം കൈവശപ്പെടുത്താനാവശ്യമായ ധനസമാഹരണത്തിനായി കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2739/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 03/12/2019**

---

പരാമർശം:- പുനത്തിൽ കുഞ്ഞബ്ദുള്ള സ്മാരക ട്രസ്റ്റ് സെക്രട്ടറിയുടെ കത്ത്.

**<u>ഉത്തരവ്</u>**

മലയാളത്തിന്റെ പ്രിയകഥാകാരൻ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്മരണയ്ക്കായി സാംസ്കാരിക സമുച്ചയം നിർമ്മിക്കാൻ കോഴിക്കോട് ജില്ലയിലെ വടകര നഗരത്തിൽ രണ്ടേക്കർ സ്ഥലത്തിന് ട്രസ്റ്റ് അഡ്വാൻസ് നല്കിയിട്ടുണ്ടെന്നും,സ്ഥലത്തിനും രജിസ്ട്രേഷനും ഉൾപ്പെടെ രണ്ടേകാൽ കോടി രൂപ ചെലവ് വരുമെന്നും ധനസമാഹരണത്തിനായി കോഴിക്കോട് കോർപ്പറേഷൻ 25 ലക്ഷം രൂപയും , ജില്ലയിലെ നഗരസഭകൾ 15 ലക്ഷം രൂപ വീതവും , ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 10 ലക്ഷം രൂപ വീതവും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നും പരാമർശകത്ത് പ്രകാരം പുനത്തിൽ കുഞ്ഞബ്ദുള്ള സ്മാരക ട്രസ്റ്റ് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനത്തിൽ കുഞ്ഞബ്ദുള്ള സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള സ്ഥലം കൈവശപ്പെടുത്താനാവശ്യമായ ധനസമാഹരണത്തിനായി കോഴിക്കോട് കോർപ്പറേഷൻ 10 ലക്ഷം രൂപയും , വടകര നഗരസഭ 10 ലക്ഷം രൂപയും , ജില്ലയിലെ മറ്റു നഗരസഭകൾ 5 ലക്ഷം രൂപ വീതവും ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും സംഭാവന നൽകുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

**File No.LSGD-FM2/374/2018-LSGD**

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*

*പകർപ്പ്- പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ പിഎസിന്.*